# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 65      03.12.2014 - ൽ മറുപടിയ്ക്ക്

**മുല്ലപ്പെരിയാർ ഡാം ജലനിരപ്പ്**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. സി. ദിവാകരൻ<br>ശ്രീ. കെ. അജിത് | | ശ്രീ. പി. ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മുല്ലപ്പെരിയാർ ഡാമിന്റെ ഷട്ടറുകളുടെ അറ്റകുറ്റ പണികൾ പൂർത്തീകരിച്ച ശേഷം മേൽനോട്ട സമിതിയുടെ പൂർണ്ണ നിയന്ത്രണത്തിൽ മാത്രമേ ജലനിരപ്പ് ഉയർത്താൻ പാടുള്ളൂവെന്ന് സുപ്രീം കോടതി നിർദ്ദേശമുണ്ടോ; എങ്കിൽ സുപ്രീം കോടതി നിർദ്ദേശ ലംഘനത്തിനെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | മുല്ലപ്പെരിയാർ വിഷയത്തിൽ ഫയൽ ചെയ്യപ്പെട്ടിരുന്ന അസ്സൽ അന്യായത്തിന്മേൽ (O.S.No.3/2006) തീർപ്പ് കൽപ്പിച്ചുകൊണ്ട് ബഹു. സുപ്രീംകോടതി 07.05.2014-ൽ അന്തിമ വിധി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിധിന്യായത്തിലെ വ്യവസ്ഥകൾ പ്രകാരം മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 142 അടിയിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ; സുപ്രീംകോടതി വിധി പ്രകാരം രൂപീകരിക്കപ്പെട്ട സൂപ്പർവൈസറി കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് സ്വീകരിക്കേണ്ടുന്നത്. |
| (ബി) മുല്ലപ്പെരിയാർ ഡാമിൽ ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് എന്തെല്ലാം സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (ബി) | ബഹു. സുപ്രീംകോടതിയുടെ 07.05.2014-ലെ വിധിന്യായപ്രകാരം മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഉയർത്താൻ തമിഴ്നാടിന് അനുമതി ലഭിച്ച സാഹചര്യത്തിൽ; കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം |

നൽകുന്നതിനായി സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നുള്ളതാണ് സർക്കാരിൻെറ നിലപാട്. ഇടുക്കി ജില്ലയിലെ മുല്ലപ്പെരിയാറിലും പരിസരത്തും ദുരന്ത ലഘൂകരണം, തയ്യാറെടുപ്പ് എന്നിവ ലക്ഷ്യമാക്കി മുല്ലപ്പെരിയാറിന് താഴെ ഇടുക്കി ഡാം വരെ ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളാകമാനം ഉൾപ്പെടുത്തിക്കൊണ്ടും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ, വിവിധ സേവനദാതാക്കളുടെ സഹകരണത്തോടെ മുല്ലപ്പെരിയാർ ക്രൈസ്സിസ്സ് മാനേജ്മെൻ്റ് പ്ലാൻ നടപ്പിലാക്കിവരുന്നു. ജില്ലാ കളക്ടർ നേതൃത്വം നൽകുന്ന ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ആവശ്യമായ സുരക്ഷാപ്രവർത്തനങ്ങൾ നടത്തുവാൻ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 136 അടിയിൽ എത്തിയപ്പോൾ തന്നെ വില്ലേജ് തലത്തിലും, താലൂക്ക് തലത്തിലും, ജില്ലാതലത്തിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തയ്യാറാക്കുകയുണ്ടായി.

മുല്ലപ്പെരിയാർ മേഖലയിലെ ഒരു ഷെൽട്ടർ ഒരു മാതൃകാ റസ്ക്യൂ ഷെൽട്ടറായി വികസിപ്പിക്കുന്നതിന് ജില്ലാ ഭരണകൂടം നടപടി സ്വീകരിച്ചുവരുന്നു. ദുരന്ത ഭീഷണി നിലനിൽക്കുന്ന മേഖലയിൽ തടസ്സമില്ലാതെ വൈദ്യുതി വിതരണം ഉറപ്പാക്കാനും 24 മണിക്കൂറും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പാക്കാനും കെ.എസ്.ഇ.ബി. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അണക്കെട്ട് പ്രദേശത്ത് ഉള്ള ദുരന്ത സാഹചര്യങ്ങൾ വിശകലനം ചെയ്ത് ആവശ്യമായ സാമൂഹിക സാങ്കേതിക സുരക്ഷാനിർദ്ദേശങ്ങൾ നൽകുന്നതിനും നടത്തുന്നതിനും ഒരു പ്രത്യേക സംഘത്തെ നിയോഗിക്കുകയും ചെയ്തു. സംസ്ഥാന ദുരന്ത പ്രതികരണ സേന (SDRF)

യുടെ രണ്ടു ടീമുകളെ ഈ മേഖലയിലേക്ക് നിയോഗിക്കുകയും ഏതടിയന്തരഘട്ടം നേരിടുവാനും അവരെ സജ്ജരാക്കുകയും ചെയ്തു.

അടിയന്തര സാഹചര്യം പരിഗണിച്ച് സർക്കാർ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 15.11.2014-ൽ ജി.ഒ.(എം.സ്) 473/2014/ ഡി.എം.ഡി നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു. ടി ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ബന്ധപ്പെട്ട എല്ലാ വകുപ്പുകളുമായി ചേർന്ന് വേണ്ട നടപടികൾ സ്വീകരിച്ചു.

തീരവാസികളായ 120 കുടുംബങ്ങളെ ടീമുകളായി തിരിച്ച് ബന്ധപ്പെട്ടവർക്ക് ഉചിതമായ നിർദ്ദേശങ്ങൾ നൽകുന്നതിനായി ടീം ലീഡറെ നിയോഗിക്കുന്നതിനും തീരുമാനിച്ചു. പെരിയാർ ടൈഗർ റിസർവ്വിന്റെ കീഴിലുള്ള ബോട്ടുകൾ, ഡ്രൈവർമാർ, മുങ്ങൽ വിദഗ്ധർ എന്നിവരുടെ സേവനം 24 മണിക്കൂറും ലഭ്യമാക്കി. കുറഞ്ഞത് 6 മണിക്കൂർ മുമ്പ് മുന്നറിയിപ്പ് ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ തീരുമാനിച്ചു.

ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തി. അടിയന്തര സാഹചര്യമുണ്ടായാൽ അണക്കെട്ടിന്റെ സമീപ പ്രദേശങ്ങളിലെ എസ്റ്റേറ്റുകളിൽ നിന്നും സഹായങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തി.

സെക്ഷൻ ഓഫീസർ